# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3393

10.12.2018-ൽ മറുപടിക്ക്

### കടൽ രക്ഷാ സ്ക്വാഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര കടൽ രക്ഷ സ്ക്വാഡുകളാണ് രൂപീകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | കാസർഗോഡ് ജില്ലയിൽ ആദ്യ ഘട്ടത്തിൽ 8 മത്സ്യഗ്രാമങ്ങളിലായി 8 കടൽരക്ഷാ സ്ക്വാഡ് യൂണിറ്റുകളാണ് രൂപീകരിക്കുന്നത്. ചെറുവത്തൂർ, കാസർഗോഡ്, പള്ളിക്കര, തൈകടപ്പുറം, ഹോസ്ദുർഗ്, മഞ്ചേശ്വരം, കോയിപ്പാടി, കോട്ടിക്കുളം എന്നിങ്ങനെ 8 മത്സ്യഗ്രാമങ്ങളിലായി 8 കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ 5 യാനങ്ങളും ഒരു യാനത്തിൽ 3 വീതം ആകെ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു കടൽസുരക്ഷാ സ്ക്വാഡ്. 8 കടൽരക്ഷാ സ്ക്വാഡുകളിലുമായി 40 യാനങ്ങളും 120 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് കടൽരക്ഷ, ദുരന്ത നിവാരണം, പവർ ബോട്ട് പ്രവർത്തിപ്പിക്കൽ എന്നിവയിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ